www.prepp.in

Prepp
Your Personal Exams Guide

UPSC CSE 2018 MAINS PAPER A OCTOBER 06, 2018 MALAYALAM LANGUAGE QUESTION PAPER



# മലയാളം / MALAYALAM

## (നിർബന്ധിതം) / ( COMPULSORY )

സമയം : മൂന്ന് മണിക്കൂർ
*Time Allowed : **Three Hours***

പരമാവധി മാർക്ക് : **300**
*Maximum Marks : **300***

---

### ചോദ്യപേപ്പർ പ്രത്യേക നിർദ്ദേശങ്ങൾ

***ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുമ്പായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :***

*എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.*

*ഓരോ ചോദ്യത്തിനുമുള്ള മാർക്കുകൾ അതാതു് ചോദ്യത്തിനെതിരെ കൊടുത്തിട്ടുണ്ടു്.*

*ചോദ്യത്തിൽ നിർദ്ദേശിച്ചിട്ടില്ലെങ്കിൽ എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരം **മലയാളത്തിൽ (മലയാളം ലിപിയിൽ)** തന്നെ എഴുതണം.*

*ചോദ്യങ്ങൾക്കുള്ള ഉത്തരത്തിനു നിശ്ചയിച്ചിട്ടുള്ള വാക്കുകളുടെ എണ്ണം പാലിക്കണം. നിശ്ചയിച്ചിട്ടുള്ള എണ്ണത്തിനേക്കാൾ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്താൽ മാർക്കു് കുറയ്ക്കുന്നതായിരിക്കും.*

*ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്‌ലെറ്റിൽ ഏതെങ്കിലും പേജോ പേജിന്റെ ഭാഗമോ വിടുകയാണെങ്കിൽ അവ വ്യക്തമായി വെട്ടിക്കളഞ്ഞിരിക്കണം.*

### Question Paper Specific Instructions

***Please read each of the following instructions carefully before attempting questions :***

*All questions are to be attempted.*

*The number of marks carried by a question is indicated against it.*

*Answers must be written in **MALAYALAM (Malayalam script)** unless otherwise directed in the question.*

*Word limit in questions, wherever specified, should be adhered to and if answered in much longer or shorter than the prescribed length, marks will be deducted.*

*Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

---

www.prepp.in

**Q1.** **താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് 600 വാക്കുകളിൽ കവിയാതെ ഉപന്യസിക്കുക :** *100*

(a) ജനാധിപത്യത്തിൽ നീതിന്യായവ്യവസ്ഥയുടെ പങ്ക്

(b) പരിസ്ഥിതിയും സ്വാശ്രയത്വവും

(c) ആഗോളീകരണത്തിൽ ഭാഷയുടെ പങ്ക്

(d) ഭാരതത്തിന്റെ സമ്പദ് വ്യവസ്ഥ നേരിടുന്ന വെല്ലുവിളികൾ

**Q2.** **താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം ശ്രദ്ധയോടെ വായിച്ച് തുടർന്നു കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്കു വ്യക്തവും സംക്ഷിപ്തവുമായ ഉത്തരമെഴുതുക :** *12×5=60*

ടാങ്കുകളെയും മെഷീൻ തോക്കുകളെയും നേരിടുന്നതിനു അഹിംസയുടെ മാർഗ്ഗമാണ് ഏറ്റവും ഉത്തമമെന്ന് ഗാന്ധിജി വിചാരിച്ചതിനുള്ള പ്രധാന കാരണം ആത്മബലമാണ്. മൃഗീയ ബലത്തെക്കാൾ ഏറ്റവും ഉചിതമെന്ന് വിചാരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തതുകൊണ്ടാണ് അദ്ദേഹം ലോകശ്രദ്ധ നേടിയത്. പക്ഷെ, നമ്മൾ ഒന്നു ചിന്തിക്കേണ്ടതുണ്ട്, എന്തുകൊണ്ടാണ് അദ്ദേഹം അഹിംസ സമരമുറയായി സ്വീകരിച്ചത് ? ബ്രിട്ടീഷുകാരിൽനിന്നും ഇന്ത്യാക്കാരെ മോചിപ്പിക്കാൻ അദ്ദേഹത്തിനു ഹിംസാമാർഗ്ഗത്തിലൂടെ സാധ്യമല്ലായിരുന്നോ ? അഥവാ മനുഷ്യ സമൂഹത്തിന് അദ്ദേഹത്തിന് ഒരു സന്ദേശം നൽകാനുണ്ടായിരുന്നു. അതായത് മനുഷ്യൻ എന്നു പറയണമെങ്കിൽ മാനുഷിക ഗുണങ്ങളുണ്ടായിരിക്കണം. ഇല്ലെങ്കിൽ അവനു് അതിനുള്ള അർഹതയില്ല. അഹിംസയെന്നുള്ളത് ദുർബലരുടെയും നിരാശ്രിതരുടെയും പീഡിതരുടേയും ആയുധമായിട്ടാണ് ആദ്യം തെളിയുന്നത്. കാരണം നമ്മുടെ പക്കൽ ടാങ്കുകളില്ലാത്തതുകൊണ്ടാണ് അഹിംസ സ്വീകരിച്ചത്. പക്ഷെ മാനുഷിക വികസനത്തിന്റെ സ്രോതസ്സ് അഹിംസയെന്നുള്ളത് രണ്ടാമത്തെ പക്ഷമെന്നു തീർത്തും പറയാം. അതുകൊണ്ട് പരിപൂർണ്ണമായി ഒരുവന് നിർമ്മലനാകാം.

www.prepp.in
Prepp
Your Personal Exams Guide

ഗാന്ധിജിയുടെ നേതൃത്വത്തിൽ നമ്മൾ ബ്രിട്ടീഷുകാർക്കു നേരെ യുദ്ധം ചെയ്തപ്പോൾ അഹിംസ എന്ന ആയുധം മാത്രമേ നമ്മുടെ പക്കൽ ഉള്ളുവെന്നും ഹിംസാത്മകമായ ആയുധങ്ങൾകൊണ്ട് ബ്രിട്ടീഷുകാരെ നേരിടുന്നതിനുള്ള സൗകര്യവും വിവേകവും നമ്മൾക്ക് ഇല്ലെന്നുള്ളതിനാൽ അതിനുള്ള സ്വീകാര്യത കൂടുകയും ചെയ്തു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നേടിക്കൊടുക്കുന്നതു അഹിംസാമാർഗ്ഗം ഉപേക്ഷിച്ചുകൊണ്ടായിരിക്കരുതെന്ന് അദ്ദേഹം ശഠിച്ചു.

ഇന്ത്യയുടെ സ്വാതന്ത്ര്യം നേടിയെടുക്കുന്നതു അത്യന്തം ശ്രമകരമായ ദൗത്യമെന്ന് അദ്ദേഹത്തിനു അറിയാമായിരുന്നു. മാനുഷിക മൂല്യങ്ങളിൽ ഉറച്ചു നിന്നുകൊണ്ട് ക്രൂരമായ ആയുധങ്ങളെ പ്രതിരോധിക്കാൻ സാധിക്കുമെന്നും അത് മനുഷ്യരാശിയെ വിശ്വസിപ്പിക്കണമെന്നും അദ്ദേഹം ആഗ്രഹിച്ചു. ഗാന്ധിജിയുടെ ആഗ്രഹം തന്റെ ജനതയുടെ വേദന അകറ്റുക മാത്രമല്ല മനുഷ്യനിൽ ഉറങ്ങിക്കിടക്കുന്ന മൃഗീയ ഗുണത്തിനെ തടുക്കുന്നതിനും കൂടിയായിരുന്നു. മൃഗീയ ഗുണങ്ങളായ പക, ക്രോധം, പ്രകോപനം എന്നീ ഗുണങ്ങളെല്ലാം മൃഗങ്ങളിലുമുണ്ടാവും. അവ ഇത്തരം ഗുണങ്ങൾ വെച്ചാണ് പ്രവർത്തിക്കുന്നതു. പക്ഷെ മനുഷ്യൻ മൃഗങ്ങളിൽനിന്ന് ഭിന്നനാണ്. അതുകൊണ്ട് അവന്റെ പ്രകൃതിയിൽ പ്രകോപിതനാകാതെ ആവേശത്തിനെ നിയന്ത്രിച്ചു ദൈനം ദിനമുള്ള പ്രശ്നങ്ങളെ ലഘുമായ വിവേകങ്ങൾ ഉപയോഗിച്ചു പരിഹാരം കാണുകയാണ് വേണ്ടത്. പക്ഷെ ഇത്തരം ഗുണങ്ങളൊന്നും മൃഗങ്ങൾക്കില്ല. എന്തുകൊണ്ടാണ് ഗാന്ധിജി ഇത്തരമൊരു നിഗമനത്തിൽ എത്തിച്ചേർന്നതു ? എന്തുകൊണ്ട് അഹിംസ ഇന്ത്യയിൽമാത്രം ഉടലെടുത്തു ? എന്തുകൊണ്ട് മറ്റു രാജ്യങ്ങളിലൊന്നും പടർന്നില്ല ? പലരും, ഒരു പക്ഷെ പറയും ഇതു സന്ദർഭവശാൽ ഉടലെടുത്തതാണെന്ന്. എന്നാൽ ഇത് സന്ദർഭവശാൽ ഉടലെടുത്തതല്ല. അമേരിക്കയിലെ പ്രസിദ്ധ

ചിന്തകനായ തോറുവിനും റഷ്യയിലെ സന്യാസിയും സാഹിത്യകാരനുമായ ടോൾസ്റ്റോയിയ്ക്കും അഹിംസയുടെയും നിസ്സഹകരണ പ്രസ്ഥാനത്തിന്റെയും ചിന്തകൾ ഉടലെടുത്തിരുന്നതായി പറയപ്പെട്ടിരുന്നു. ഗാന്ധിജിയ്ക്കു് മുമ്പുതന്നെ ഇവിടെ ഇന്ത്യയിലും അരോബിന്ദോയും നിസ്സഹകരണ പ്രസ്ഥാനത്തിനോട് താല്പര്യം പ്രകടിപ്പിച്ചിരുന്നു. എന്തുകൊണ്ടാണ് ഇന്ത്യയിൽ ഇത് ആദ്യം പരീക്ഷിച്ചിരുന്നത് ?

ആത്മബലം കായികബലത്തെക്കാൾ ഉച്ചസ്ഥിതിയിലാണ് എന്നുള്ള കാര്യം വ്യക്തമാണ്. മറ്റ് ഏതൊരു രാജ്യക്കാരെക്കാളും ഇന്ത്യാക്കാർ ഇത് മനസ്സിലാക്കുന്നു എന്നുള്ളതും വാസ്തവമാണ്. തോറുവോ ടോൾസ്റ്റോയിയോ എമേഴ്സണോ റോമൻ റോളണ്ടോ ചിന്തിച്ചിരുന്നത് പൊതുജനങ്ങളുടെ നിസ്സഹകരണ പ്രസ്ഥാനം മനസ്സിലാക്കാൻ ഒരു ഇന്ത്യക്കാരനു മാത്രമേ സാധിക്കൂവെന്നായിരുന്നു. കാരണം അവർക്കു മാത്രമേ ഇന്ത്യയുടെ തത്വചിന്ത മനസ്സിലാകുകയുള്ളൂ. ഒരു ഇന്ത്യാക്കാരനുമാത്രമേ ഇത്തരത്തിലുള്ള ചിന്തയും തത്വവും മനസ്സിലാക്കാൻ സാധിക്കുവെന്നും ആ പരമ നിലയിൽ എത്തിച്ചേരാൻ സാധിക്കുവെന്നും അവർ കരുതിയിരുന്നു. അതിൽ ഭാരതീയന്റെ നൈസർഗിക സ്ഥിതി അടങ്ങിയിരുന്നു. ഇത്തരത്തിലുള്ള വൈശ്ലിക ഭാവങ്ങൾ തോറോയിലും ടോൾസ്റ്റോയിയിലും നിറഞ്ഞിരുന്നു. അരോബിന്ദോയിലും ഇതുണ്ടായിരുന്നു കാരണം അദ്ദേഹവും ഒരു ഭാരതീയനായിരുന്നല്ലോ.

(a) ലോകജനത ഗാന്ധിജിയിലേക്കു് ആകർഷിക്കപ്പെട്ടിരുന്നത് എന്തുകൊണ്ടാണ് ? 12

(b) ഇന്ത്യയുടെ സ്വാതന്ത്ര്യം നേടുന്നതിനു ഗാന്ധിജി അഹിംസ മുഖ്യ ഉപാധിയായി തെരഞ്ഞെടുത്തത് എന്തുകൊണ്ടാണ് ? 12



www.prepp.in
Prepp Your Personal Exams Guide

www.prepp.in

Prepp
Your Personal Exams Guide

(c) ലേഖകന്റെ അഭിപ്രായത്തിൽ മനുഷ്യനും മൃഗവും തമ്മിലുള്ള വ്യത്യാസമെന്താണ് ? 12

(d) എന്തുകൊണ്ടാണ് ഭാരതത്തിൽ അഹിംസ സമ്പ്രദായം ഉടലെടുത്തത് ? 12

(e) നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ആശയത്തിലേക്ക് എത്തിച്ചേരാൻ ആർക്കാണ് സാധിക്കുക ? 12

**Q3. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം മൂന്നിലൊന്നായി സംക്ഷേപിക്കുക. തലക്കെട്ട് നൽകേണ്ടതില്ല. സംക്ഷേപം നിങ്ങളുടെ സ്വന്തം വാക്കുകളിൽ ആയിരിക്കണം.** 60

മറ്റ് യുഗങ്ങളിലെ മനുഷ്യനെക്കാൾ ചരിത്രത്തെയും സമയത്തെയും ബന്ധപ്പെടുത്തുന്ന നിയമങ്ങളുടെയും തത്വങ്ങളുടെയും അറിവ് ഇന്നത്തെ ആധുനിക മനുഷ്യനാണ് ഉള്ളത്. വാസ്തവത്തിൽ അവൻ ചരിത്രം ഉൾക്കൊള്ളുന്നവനാണ്. യഥാർത്ഥ അർഥത്തിൽ നമ്മൾക്കു ചരിത്രത്തെക്കുറിച്ചുള്ള അറിവ് ആധുനികതയ്ക്ക് പര്യായമാണ്. മധ്യകാല സംസ്കാരത്തിൽ ഉച്ചസ്ഥിതിയിൽ മതത്തിനാണ് ഉന്നതസ്ഥാനം നൽകിയിരുന്നതെങ്കിലും ക്രമേണ അത് ചരിത്രത്താൽ മാറ്റപ്പെട്ടു. പ്രകൃതിയുടെ മധ്യത്തിലല്ല മനുഷ്യൻ ജീവിക്കുന്നത്. അവൻ ചരിത്രത്തിനനുസരണമായിട്ടാണ് ജീവിക്കുന്നത്. ഈ സന്ദർഭത്തിൽ ഓരോ സംഭവവും പുതുതും അവസാനത്തെതിൽ നിന്നു വ്യത്യസ്തവുമാണ്. ഇന്ന് നടക്കുന്നത് മുമ്പൊരിക്കലും നടക്കാത്തതാണ്. കാലക്രമവും അപ്രതീക്ഷിതവുമായ മനുഷ്യന്റെ വികാസവും പുരാതന ഗ്രീക്കുകാർക്കു തികച്ചും അജ്ഞാതവും അപരിചിതവും ആയിരുന്നു. ഇത് ഇന്ത്യയിലെ ചിന്തകർക്കും തികച്ചും അപരിചിതമായിരുന്നു. പുരാതന കാലത്ത് മനുഷ്യനെ നിയന്ത്രിച്ചിരുന്നത് പാരമ്പര്യമാണ്. അവന് അതുകൊണ്ട് ക്രമമായ ഒരു ജീവിതശൈലിയുണ്ടായിരുന്നു. ഇപ്പോൾ ചരിത്രം മനുഷ്യന്റെ ഭാവിനിയന്ത്രിക്കുന്നു. അവന്റെ പാരമ്പര്യം മനസ്സിലാക്കണമെങ്കിൽ അവൻ പിൻകാലത്തിലേയ്ക്കു സഞ്ചരിക്കണം.

www.prepp.in

Prepp
Your Personal Exams Guide

ചരിത്രത്തിന്റെ പ്രാധാന്യം ഇപ്പോൾ നമ്മൾക്കു അനുഭവപ്പെടുന്നതുപോലെ മുൻകാലങ്ങളിൽ അനുഭവപ്പെട്ടിട്ടില്ല. മനുഷ്യൻ ഇപ്പോൾ ചരിത്രത്തെക്കുറിച്ചും സമയത്തെക്കുറിച്ചും മടുത്തിരിക്കുകയാണ്. 19-ാം നൂറ്റാണ്ടിലെ ആഗോളതലത്തിലുള്ള അധികാരവും ചരിത്രത്തെക്കുറിച്ചുള്ള സന്ദേശവും മനുഷ്യനിൽ വികസനവും മോക്ഷവും എന്ന വന്യ പ്രതിഭാസത്തെ ഒരു ക്രൂരമായ അപഹാസത്തിൽ എത്തിച്ചിരിക്കുകയാണ്. അതോടൊപ്പം സമയവും ഒരു പ്രതിഭാസമായി തീരുകയാണ്. ഭാവിയെക്കുറിച്ചു സൂചിപ്പിക്കുന്ന നിയമങ്ങളും തത്വങ്ങളും പ്രമാണസൂത്രങ്ങളും ഉണ്ട്, പക്ഷെ അവയെല്ലാം 20-ാം നൂറ്റാണ്ടിലെ അടിച്ചമർത്തലിന്റെ സ്വാധീനത്തിലും മിഥ്യാബോധത്തിലും ആയതിനാൽ ഭാവി കാലത്തിന്റെ വലയത്തിൽ അടയ്ക്കപ്പെടാൻ സാധ്യമല്ല. ശാസ്ത്രത്തിന്റെയും യുക്തിചിന്തയുടെയും വളർച്ച കൊണ്ടുണ്ടായ പ്രശംസാകരമായ വിജ്ഞാനത്തിന്റെ നേട്ടം കൊണ്ടു മനുഷ്യൻ അസുരക്ഷിതനായി. തീവ്രവാദികളുടെ സമ്മർദ്ദത്തിനു വഴങ്ങി ഭാവി അസ്ഥിരമായി.

ഇതു മാത്രമല്ല, മനുഷ്യരായ നമ്മൾക്ക് ഭാവിയെക്കുറിച്ച് ഒന്നുംതന്നെ അറിയില്ല. ചരിത്രത്തെക്കുറിച്ചു മനുഷ്യന് കിട്ടിയ പ്രചോദനം കൊണ്ടും ഭാവിയെ അവൻ സൃഷ്ടിച്ചതുകൊണ്ടും ആകെമൊത്തമുള്ള ഭാവിയെക്കുറിച്ചും അവന് പ്രവചിക്കാൻ സാധിക്കും. വരുംവരായ്മകളെക്കുറിച്ച് അറിവിന്റെ വീക്ഷണത്തിൽനിന്ന് ഉൾക്കൊള്ളാൻ സാധിക്കും. പക്ഷെ ഇന്നത്തെ ദുരന്തസംഭവങ്ങൾക്കു ഇത്തരത്തിലുള്ള ഭാവിയെക്കുറിച്ചുള്ള അറിവിനു യാതൊരു ബന്ധവുമില്ല. പക്ഷെ ഒരു കാര്യം പറയാം പ്രവചനീയമായ ചരിത്രാത്മകമായ ഭാവിയെപ്പറ്റിയുള്ള അറിവ് ഇന്നത്തെ ദുരന്തസ്ഥിതിയിൽ നിന്ന് നിവാരണം കിട്ടിയെന്നു വരാം. അത് ഒരു പക്ഷെ ജാതിരഹിതമായ സമൂഹത്തിലോ ശ്രേണിരഹിതമായ സമൂഹത്തിലോ യാന്ത്രികമായ കമ്പ്യൂട്ടർ ലോകത്തിലോ റോബോട്ടുകൾ നിയന്ത്രിക്കുന്ന ലോകത്തിലോ ആകാം. അപ്പോൾ നമ്മൾ ഒരു ഭൗതികമായ യഥാർത്ഥ സമയത്തിലല്ല ജീവിക്കുന്നത്, ഒരു സാങ്കല്പിക

www.prepp.in

സമയത്തിലായിരിക്കും ജീവിക്കുക. അത് തികച്ചും അതിശയകരമായ സ്ഥിതിയിലായിരിക്കും. മനുഷ്യനെ മരണവും നിഷ്കാസനം ചെയ്തിരിക്കും. കാരണം മരണത്തിൽനിന്ന് മോചനം ലഭിക്കുന്നതിന് വേണ്ടി നമ്മൾ തന്നെ ഭാവിയുടെ ലോകത്തിൽ അഭയം തേടിയിരിക്കും.

ആധുനികയുഗത്തിന്റെ വിരോധാഭാസമാണ് ഇത് എന്ന് നമ്മൾക്കു പറയാം. ഒരു വശത്ത് ചരിത്രത്തെക്കുറിച്ച് ആധുനിക മനുഷ്യനുള്ള അറിവും അതിനെക്കുറിച്ചുള്ള ഭീതിയും, മറുവശത്ത് ചരിത്രത്തെക്കുറിച്ചുള്ള ജീവിത ധാരാമ്യതമായ ഭൂതകാലത്തിലും സാങ്കല്പികമായ ഭാവിയിലും ഉണങ്ങിപ്പോയിരിക്കുകയാണ്. നദിയിലെ വെള്ളത്തിൽ മുങ്ങിപ്പോകുന്ന മനുഷ്യന് നദിയുമായി ബന്ധപ്പെടുത്താൻ പറ്റാത്തതുപോലെ ചരിത്രത്തിൽ മുങ്ങിപ്പോകുന്ന ഒരു മനുഷ്യന് സമയത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു മനസ്സിലാക്കാൻ പറ്റില്ല. ചരിത്രം കൊണ്ട് അദ്ദേഹത്തിനെ സ്വാധീനിക്കാൻ സാധ്യമല്ല. പക്ഷെ ചരിത്രം അയാളുടെ ജീവിതത്തിന്റെയും മരണത്തിന്റെയും സാക്ഷിയാകുന്നില്ല. ഭൂമിയിലെ അയാളുടെ ജീവിതത്തിന്റെ സാക്ഷി ചരിത്രം ആയില്ലെങ്കിൽ അയാളുടെ ജീവിതത്തിനു അർഥമില്ല. അതുകൊണ്ടാണ് ഇന്നത്തെ കാലത്ത് ചരിത്രത്തിനെക്കുറിച്ചുള്ള അറിവിനുവേണ്ടി അന്വേഷിച്ചുപോകുന്നത് വെറുമൊരു അന്ധവിശ്വാസമാകുന്നത്. വർത്തമാനത്തിനെ നിഷ്കാസനം ചെയ്യുന്നതിനും ഭാവിയുടെ അർഥത്തെക്കുറിച്ചുള്ള അന്വേഷണം ചെയ്യാതിരിക്കുന്നതിനും ഇതു കാരണമാകുന്നു.

പക്ഷെ വർത്തമാനത്തിനെ നിഷ്കാസനം ചെയ്യാൻ പറ്റുമോ ? മനുഷ്യന്റെ സ്ഥിതിയിൽ വർത്തമാനം കേന്ദ്രബിന്ദുവല്ലേ. ഒരു വശത്തു മനുഷ്യൻ നശ്വരനും മറുവശത്തു ചരിത്രത്തിൽ ജീവിച്ചിരിക്കുകയുമാണ്. അവന്റെ വിധിയെന്നും പറയുന്നത് അവന്റെ ഭൂതകാലത്തെ ആസ്പദമാക്കിയും അവന്റെ പൂർണ്ണഭാവിയെന്ന് പറയുന്നത് അവന്റെ മറ്റു വിധിയുമായും ബന്ധപ്പെട്ടതാണ്.

[350 വാക്കുകൾ]

www.prepp.in

Prepp
Your Personal Exams Guide

**Q4. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യുക : 20**

ആധുനിക യുഗം വിവര സാങ്കേതിക വിദ്യയുടെ യുഗമാണ്. ശാസ്ത്രമേഖലയിൽ ആധുനിക മനുഷ്യന്റെ കണ്ടുപിടുത്തങ്ങളിൽ ഏറ്റവും മുഖ്യമായ ഒന്നാണ് വിവര സാങ്കേതിക വിദ്യ. അതുകൊണ്ട് ആധുനിക മനുഷ്യന് സാമ്പത്തിക ഉന്നമനവും അതിശയകരമായ നേട്ടങ്ങളും കൈവരിക്കുവാൻ സാധ്യമായിട്ടുണ്ട്. ഇത്തരത്തിലുള്ള ശാസ്ത്രീയമായ ഉപകരണങ്ങളുടെ സഹായത്താടെ ലോകത്തിന്റെ ഏതു മൂലയിലും ഉള്ള വിവരങ്ങൾ ഒരിടത്ത് ഇരുന്നുകൊണ്ടു സ്വീകരിക്കാൻ സാധ്യമാണ്. ഇത്തരത്തിൽ വിവരം സ്വീകരിക്കാനുള്ള സൗകര്യം വർദ്ധിച്ചതിന് ശേഷം രാജ്യങ്ങൾ തമ്മിലുള്ള അകലം കുറഞ്ഞു. നമ്മുടെ കൈകളുള്ളിൽ മൊത്തം ലോകവും ചുരുങ്ങിയതായി നമ്മൾ അനുഭവിക്കുന്നുവെന്ന് അനുമാനിക്കാം. എങ്കിലും ആഗോളീകരണമെന്ന ആശയവും ആഗോള സാഹോദര്യം എന്ന സങ്കല്പവും ശാസ്ത്രയുഗത്തിലും അഭിവൃദ്ധിപ്പെട്ടു കൊണ്ടിരിക്കുകയാണ്.

തപാൽ വസ്തുക്കൾ ശരിയായ രീതിയിൽ അയക്കാൻ പറ്റാത്ത കാലത്തെക്കുറിച്ച് ഇന്ന് നമ്മൾ ഓർക്കേണ്ടതാണ്. സന്ദേശവാഹകർ വഴി സന്ദേശങ്ങൾ അയച്ചിരുന്നു. ഇതിന് ധാരാളം സമയമെടുത്തിരുന്നു. അക്കാലത്തെ ജീവിതം എത്ര ദുഷ്കരമായിരുന്നിരിക്കണം. ഇന്ന് അതിനെപ്പറ്റി ചിന്തിക്കാൻ പോലും കഴിയില്ല. കാലം മാറി, പുതിയ പരീക്ഷണങ്ങൾ ദിവസവും നടക്കുകയും ചെയ്യുന്നു. തപാലും ടെലിഗ്രാഫും ടെലിഫോണും, ടെലിഗ്രാമും വികസിപ്പിക്കപ്പെട്ടു. സന്ദേശങ്ങൾ കമ്പുകൾ വഴി അയക്കപ്പെട്ടു. ജീവിതം ദ്രുതഗതിയിൽ ആയി. റേഡിയോയും ടെലിവിഷനും ആവിർഭവിച്ചു. ഇത്തരത്തിലുള്ള വികസനങ്ങൾ ഈ ദിശയിലുള്ള പ്രധാന വികസനമായിരുന്നു. കമ്പ്യൂട്ടറുകളുടെ ആഗമനത്തോടുകൂടി വിവര സാങ്കേതിക മേഖലയിൽ ഒരു നവവിപ്ലവം തന്നെ സൃഷ്ടിക്കപ്പെട്ടു. ഇന്റർനെറ്റ് വികസിപ്പിച്ചെടുത്തതോടുകൂടി എല്ലാം കമ്പ്യൂട്ടർ വഴി ബന്ധിപ്പിക്കാൻ സാധിക്കുകയും പരസ്പരം സന്ദേശം കൈമാറാനും സാധ്യമായി. ആശയവിനിമയം ത്വരിത ഗതിയിലും ലളിതമാവുകയും ചെയ്തു. വിവരത്തിന്റെ ലോകത്തിൽ നവീനമായ പരിവർത്തനങ്ങൾ ഉണ്ടാവുകയും ഏറ്റവും

പുത്തൻപുത്തൻ വാർത്തകൾ ഞൊടിയിടയിൽ ത്വരിതഗതിയിൽ എത്തിച്ചേരുകയും ചെയ്യും. ലോകത്തിന്റെ ഏതു മുക്കിലും മൂലയിലും ഒരുവന്റെ ഉൽപ്പന്നങ്ങൾ പരസ്യപ്പെടുത്താൻ സാധ്യമാണ്. ഇന്ന് കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും സൗകര്യങ്ങൾ ഏകദേശം എല്ലാ വീടുകളിലും ഓഫീസുകളിലും ഉണ്ട്. അതിന്റെ സഹായത്താൽ ഫ്ലൈറ്റ് ടിക്കറ്റുകളും റെയിൽവേ ടിക്കറ്റുകളും ബസ്സുകളുടെയോ സിനിമയുടെയോ ടിക്കറ്റുകളും വളരെ എളുപ്പം ബുക്ക് ചെയ്യാൻ സാധിക്കുന്നു. റിസർവേഷന്റെ സ്ഥിതി അറിയാൻ സാധിക്കുന്നു. റോഡിന്റെയും ഗതാഗതത്തിന്റെയും സ്ഥിതി അറിയാൻ സാധിക്കുന്നു. ഇന്ന് ഇന്റർനെറ്റിന്റെയും മൊബൈലിന്റെയും സഹായത്തോടെ വീട്ടിൽ ഇരുന്നുതന്നെ എന്തു വേണമെങ്കിലും ഓർഡർ ചെയ്യാം. വാസ്തവത്തിൽ ഇതു തന്നെയാണ് ഏറ്റവും ലാഭകരമായ ആശയവിനിമയവും വിവരണശേഖരവും.

**Q5. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം മലയാളത്തിലേക്ക് തർജമ ചെയ്യുക :** *20*

Democracy stands much superior to any other form of government in promoting dignity and freedom of the individual. Every individual wants to receive respect from fellow beings. Often conflicts arise among individuals because some feel that they are not treated with due respect. The passion for respect and freedom are the basis of democracy. Democracies throughout the world have recognised this, at least in principle. This has been achieved in various degrees in various democracies. For societies which have been built for long on the basis of subordination and domination, it is not a simple matter to recognise that all individuals are equal.

Take the case of dignity of women. Most societies across the world were historically male dominated societies. Long struggles by women have created some sensitivity today that respect to and equal treatment of women are necessary ingredients of a democratic society. That does not mean that women are actually always treated with respect. But once the principle is recognised, it becomes easier for women to wage a struggle against what is now unacceptable legally and morally.

www.prepp.in

Prepp
Your Personal Exams Guide

Q6. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക :

(a) അർഥം വ്യക്തമാകുന്ന വിധത്തിൽ വാക്യത്തിൽ പ്രയോഗിക്കുക : 2×5=10

(i) ഉരുളയ്ക്കുപ്പേരി 2

(ii) ഭഗീരഥപ്രയത്നം 2

(iii) അംബരചുംബി 2

(iv) കൊമ്പുകുത്തിക്കുക 2

(v) ഇരയിട്ടു മീൻപിടിക്കുക 2

(b) സന്ധി ചെയ്യുക : 2×5=10

(i) മർത്ത്യ + ഏക 2

(ii) മഹാ + ഋഷി 2

(iii) മഹത് + ചരിതം 2

(iv) പൂ + തോപ്പ് 2

(v) വെൾ + നിറ് 2

(c) താഴെ കൊടുത്തിട്ടുള്ള പദങ്ങളുടെ സ്ത്രീലിംഗ രൂപമെഴുതുക : 2×5=10

(i) ഈശ്വരൻ 2

(ii) കർത്താവ് 2

(iii) കാന്തൻ 2

(iv) കൃതഘ്നൻ 2

(v) ഭിക്ഷു 2



Prepp Your Personal Exam Guide

www.prepp.in

(d) **താഴെ കൊടുത്തിട്ടുള്ള പദങ്ങളിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക :** *2×5=10*

(i) മഹനിയ 2

(ii) ശിഷ്ഠർ 2

(iii) വ്രതമനുഷ്ഠിക്കുക 2

(iv) ഗൃമസ്ഥൻ 2

(v) വിജാരം 2